തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

നിശ്ചിത പരീക്ഷായോഗ്യതയുള്ളവരും 45 വയസ്സിനു മേലിയത്തവരും പഴയ തിരുവിതാംകൂർ സംസ്ഥാനത്തിൽപ്പെട്ട പഞ്ചായത്തുകളിലേയും വില്ലേജുകളിലേയും ജീവനക്കാരും ആയവരെ പഞ്ചായത്ത് ആഫീസറന്മാരായി നിയമിച്ചുകൊള്ളണമെന്നു് നിർദ്ദേശം നൽകിയിട്ടുണ്ടു്.

മരച്ചീനിയുടെ വിലയിടിവു്.

* 113. [67] ശ്രീ. പി. എം. മക്കോസു് : താഴെ കാണുന്ന ചോദ്യത്തിനു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മരച്ചീനിയുടെ വിലയിടിവുമൂലം മരച്ചീനികൃഷിക്കാരുടെ ദുരിതാശ്വാസത്തിനുവേണ്ടി ഇതിനകം ഗവണ്മെൻറു് എന്തെല്ലാം നടപടികൾ നടത്തിയിട്ടുണ്ടു് ?

ആഭ്യന്തരകായ്കൃഷി മന്ത്രി (ശ്രീ. എ. ജെ. ജോൺ) :

മരച്ചീനികൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും, മരച്ചീനിയുടെ വ്യവസായ സാദ്ധ്യതകളെപ്പറ്റി ആരായുന്നതിനും, നാട്ടിലും വിദേശങ്ങളിലും വിപണികൾ കണ്ടുപിടിക്കുന്നതിനും മറ്റും ഗവണ്മെൻറിനെ ഉപദേശിക്കുന്നതിനായി "മരച്ചീനി വികസനബോർഡു്" എന്ന പേരിൽ ഒരു സമിതി രൂപീകരിച്ചു. കൂടാതെ ഒരു അടിയന്തരാശ്വാസനടപടിയെന്ന നിലയിൽ 20,000 ടൺ ഉണക്കിയ മരച്ചീനി വിലയ്ക്കെടുക്കാൻ തീരുമാനിച്ചു. അതിനായി സത്വരനടപടികളും സ്വീകരിച്ചു.

ആയുർവേദ ആശുപത്രി സ്ഥാപന കമ്മിറ്റി റിപ്പോർട്ടു്.

* 114. [68] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ ആശുപത്രിസ്ഥാപനം സംബന്ധിച്ചു് ഗവണ്മെൻറു് നിയമിച്ച കമ്മിറ്റിയുടെ ജോലി പൂർത്തിയാക്കി റിപ്പോർട്ടു് ഗവണ്മെൻറിൽ കിട്ടിയിട്ടുണ്ടോ ;

(ബി) എത്ര അലോപ്പതി ആശുപത്രികളും, എത്ര ആയുർവേദ ആശുപത്രികളും സ്ഥാപിക്കാൻ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടു് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) കിട്ടിയിട്ടുണ്ടു്.

(ബി) 64 അലോപ്പതി ആശുപത്രികളും, 183 ആയുർവേദആശുപത്രികളും.

ലോക്കൽ ഡവലപ്പുമെൻറു് ജോലികൾ.

* 115. [70] ശ്രീമതി കെ. ആർ. ഗൌരി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ലോക്കൽ ഡവലപ്പ്മെൻറ് ജോലികൾ ഇൻറൈസ്റ്റഡ് പാർട്ടീസ് നടത്തുകയാണെങ്കിൽ മൂന്നിലൊന്ന് ഉപേക്ഷിക്കണമെന്നുണ്ടോ;

(ബി) മൂന്നിലൊന്ന് ഉപേക്ഷിച്ചതിനുശേഷവും, യഥാർത്ഥ എസ്റ്റിമേറ്റിൻറെ 15 ശതമാനം കൂടുതൽ ഇവർക്ക് കൊടുക്കുകയുള്ളോ;

(സി) ഈ നിയമം പുനഃപരിശോധിക്കുവാൻ ഗവണ്മെൻറ് വിചാരിക്കുന്നോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ട്.

(ബി) അതെ.

(സി) ആലോചനയിലിരിക്കുന്നുണ്ട്.

സ്റ്റോറ് സഹകരണബാങ്ക്.

✱ 116. [73] ശ്രീ. എൻ. പരമേശ്വരൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിനു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1955 ജൂൺ അവസാനം വരെ സ്റ്റോറ് സഹകരണബാങ്കിൽ നിന്നും എസ്സ്കാലകാർഷികവായ്പയായും മദ്ധ്യകാലകാർഷികവായ്പയായും എത്ര സംഖ്യ കൊടുത്തിട്ടുണ്ട്; എത്ര സംഖ്യയ്ക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

1955 ജൂൺ അവസാനം വരെ സ്റ്റോറ് സഹകരണബാങ്കിൽ നിന്നും (1,13,155) ഒരുലക്ഷത്തിപതിമൂവായിരത്തിനൂറി അൻപത്തി അഞ്ചു് ഉറുപ്പിക എസ്സ്കാലവായ്പയായി കൊടുത്തിട്ടുണ്ട്. അതിനു് (3,12,625) മൂന്നലക്ഷത്തിപന്തീരായിരത്തിഅറനൂറ് ഇരുപത്തഞ്ചു രൂപയ്ക്ക് അപേക്ഷകൾ ഉണ്ടായിരുന്നു. മദ്ധ്യകാലകാർഷികവായ്പകൾ ഇതുവരെ കൊടുത്തിട്ടില്ല.

Selection of Police Sub-Inspectors.

✱117. [75] SHRI R. PONNAPPA NADAR: Will the Minister for Law and Order be pleased to state:

(a) how many Police Sub-Inspectors were selected in 1955;

(b) how many candidates were called from the Hindu Nadar community;

(c) may I know the names of those persons and their qualifications;

(d) why is it that no Hindu Nadar was selected;

(e) was there an application from a person who was in service from the Police Department;

(f) why was he not selected;

LIBRARY ARCHIVES Kerala Legislative Assembly